**QP CODE** **Enrollment Number: .................**

**B2016** **Name: ....................................**

**MA DEGREE EXAMINATIONS, APRIL 2025**

**Third Semester**

**M.A. Malayalam Language and Literature**

**M21ML09DC- ഇന്ത്യൻ സാഹിത്യ സിദ്ധാന്തങ്ങൾ**

**(Supplementary/Improvement)**

**2022 admissions**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. ഭാരതീയകാവ്യശാസ്ത്രത്തിൽ സാഹിത്യം എന്ന പദത്തിന്റെ അർത്ഥതലമെന്ത്?
2. കാവ്യഹേതുക്കളിൽ പ്രതിഭയ്ക്കുള്ള സ്ഥാനമെന്ത്?
3. കാവ്യാലങ്കാരത്തെക്കുറിച്ചുള്ള വാമനന്റെ നിലപാട് എന്തായിരുന്നു?
4. വൃത്തശാസ്ത്രത്തിൽ ലഘു ഗുരുവാകുന്ന സന്ദർഭങ്ങൾ ഏതെല്ലാം?
5. സാധ്യവസായ ലക്ഷണ എന്നാൽ എന്ത്? ഉദാഹരിക്കുക.
6. വക്രോക്തിയും ശൈലിയും തമ്മിലുള്ള ബന്ധമെന്ത്?
7. സാഹിത്യത്തിലെ മാർഗി-ദേശി ഭേദങ്ങളുടെ അർത്ഥമെന്ത്?
8. തിണസിദ്ധാന്തത്തിലെ മുതൽപ്പൊരുൾ എന്താണ്?

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. 'ഭാരതീയ സാഹിത്യതത്ത്വചിന്തയുടെ അടിത്തറയാണ് നാട്യശാസ്ത്രം'- വിശദീകരിക്കുക.

10. കാവ്യപ്രയോജനത്തെക്കുറിച്ചുള്ള ഭാരതീയരുടെ നിലപാട് വിശദീകരിക്കുക.
11. മഹാകാവ്യലക്ഷണം വിവരിക്കുക.
12. ആചാര്യ ദണ്ഡിയുടെ അലങ്കാരസങ്കല്പം എന്തായിരുന്നു?
13. താളവും വൃത്തവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
14. രസാസ്വാദനത്തെ തടസ്സപ്പെടുത്തുന്ന സപ്തവിഘ്നങ്ങളെക്കുറിച്ച് വിവരിക്കുക.
15. എന്താണ് ഗുണീഭൂതവ്യംഗ്യം?
16. ഭാരതീയ കാവ്യസിദ്ധാന്തങ്ങളിൽ പലതും ഔചിത്യസിദ്ധാന്തത്തെ പിന്തുടരുന്നു എന്ന് പറയുന്നതിന്റെ കാരണമെന്ത്?
17. പെണ്ണെഴുത്തിലെ ഭാഷാപരമായ സവിശേഷതയെന്ത് ?
18. രീതിയെക്കുറിച്ചുള്ള വാമനാചാര്യന്റെ സങ്കല്പമെന്ത്?

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. തിണസങ്കൽപ്പത്തിന്റെ സമകാല സാഹിത്യപ്രസക്തിയും സാധ്യതകളും പരിശോധിക്കുക.
20. കിളിപ്പാട്ട് വൃത്തങ്ങൾ എന്നാൽ എന്ത്? പ്രധാനപ്പെട്ട കിളിപ്പാട്ട് വൃത്തങ്ങളെ ലക്ഷണ സഹിതം വിവരിക്കുക.
21. ധ്വനിയെ ആനന്ദവർദ്ധനൻ വിശദീകരിക്കുന്നത് എങ്ങനെ? അതിന്റെ പ്രധാന വിഭാഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
22. മലയാളസാഹിത്യത്തിലെ ഫെമിനിസ്റ്റ് പ്രവണതകളെക്കുറിച്ച് ഉപന്യസിക്കുക.

**(15X2=30)**